**15 -ാം കേരള നിയമസഭ**

**8 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 5298** **15-03-2023 - ൽ മറുപടിയ്ക്ക്**

**ജൈവ പച്ചക്കറി ഉല്പന്നങ്ങളുടെ സംഭരണം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. മോൻസ് ജോസഫ് | | ശ്രീ. പി. പ്രസാദ്<br>(കൃഷി വകുപ്പ് മന്ത്രി) | |
| (എ) | ജൈവ പച്ചക്കറി ഉല്പന്നങ്ങളുടെ സംഭരണം കാര്യക്ഷമമാക്കുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിക്കുന്നതെന്ന് വ്യക്തമാക്കുമോ; | (എ) | പച്ചക്കറി സംഭരണം, വിപണനം എന്നിവ പ്രോത്സാഹിപ്പിക്കുന്നതിനായി വിവിധ പദ്ധതികൾ പ്രകാരം സ്ഥാപിച്ചിട്ടുള്ള എക്കോഷോപ്പുകൾ, എ ഗ്രേഡ് ക്ലസ്റ്ററുകൾ, ബ്ലോക്ക് ലെവൽ ഫെഡറേറ്റഡ് ക്ലസ്റ്ററുകൾ, ആഴ്ച ചന്തകൾ, നഗര വഴിയോര ആഴ്ച ചന്തകൾ തുടങ്ങിയ സംവിധാനം സംഭരണത്തിനായി നിലവിലുണ്ട്. കാർഷിക ഉത്പന്നങ്ങൾ സംഭരിക്കുന്നതിനും വിറ്റഴിക്കുന്നതിനും ഹോർട്ടികോർപ്പിന് 13 ജില്ലാ സംഭരണ കേന്ദ്രങ്ങളും 6 ഉപസംഭരണ കേന്ദ്രങ്ങളും അവയുടെ കീഴിൽ 10 സ്വന്തം സ്റ്റാളുകളും 181 ലൈസൻസി സ്റ്റാളുകളും ഉണ്ട്. ഇടുക്കി ജില്ലയിലെ ശീതകാല പച്ചക്കറികളുടെ സംഭരണ വിപണനത്തിനായി നടപ്പിലാക്കുന്ന കോൾഡ് ചെയിൻ പദ്ധതിക്കായി 185 ലക്ഷം രൂപയും, കർഷകരുടെ ഉത്പന്നങ്ങൾ സംഭരിക്കുന്നതിനും അവ കേടുകൂടാതെ സൂക്ഷിക്കുന്നതിനും വിപണനം ചെയ്യുന്നതിനും 7 ശിതീകരിച്ച വാഹനങ്ങൾ വാങ്ങുന്ന തിനുമായി 35 ലക്ഷം രൂപയും ഈ വർഷം നീക്കിവെച്ചിട്ടുണ്ട്. കർഷകരുടെ ഉത്പന്നങ്ങൾ സംഭരിക്കുന്നതിനും അവ ഈർപ്പവും താപനിലയും ക്രമീകരിച്ച് ഉൽപ്പന്നങ്ങൾ കേടു കൂടാതെയും പൊടി, മറ്റു മാലിന്യങ്ങൾ എന്നിവ മൂലം മലിനപ്പെടാതെയും സൂക്ഷിച്ച് വിപണനം ചെയ്യുന്നതിനായി സൗരോർജത്തിൽ പ്രവർത്തിക്കുന്ന 18 മുച്ചക്ര സൈക്കിളുകൾ വാങ്ങുന്നതിന് ഈ വർഷം 20 ലക്ഷം രൂപ നീക്കിവെച്ചിട്ടുണ്ട്. റീബിൽഡ് കേരള പദ്ധതിയുടെ ഭാഗമായി പഴം-പച്ചക്കറി വിപണന ശൃംഖല ശക്തിപ്പെടുത്തുന്നതിനും ബ്രാൻഡ് ചെയ്ത് പഴം-പച്ചക്കറികൾ വിപണിയിലെത്തിക്കുന്നതിനുമുള്ള പദ്ധതിയുടെ ഭാഗമായി കാക്കനാട് കേന്ദ്രമാക്കി വെജിറ്റബിൾ ആന്റ് ഫ്രൂട്ട് പ്രൊസസ്സിംഗ് ആന്റ് മാർക്കറ്റിംഗ് സെന്റർ 7 ജില്ലകളിൽ പഴം- |

| | | | |
|---|---|---|---|
| | | | പച്ചക്കറികളുടെ പ്രാഥമിക സംസ്കരണ കേന്ദ്രങ്ങൾ, വി.എഫ്.പി.സി.കെ സ്വാശ്രയ കർഷക സമിതികൾ നടത്തുന്ന 63 തളിർ ഔട്ട്ലെറ്റുകൾ എന്നിവ ആരംഭിച്ചു. കൂടാതെ എക്കോഷോപ്പ് ഔട്ട്ലെറ്റുകൾ മുഖേന വിപണനം ചെയ്ത ജൈവ ഉൽപ്പന്നങ്ങൾക്ക് 2.5 രൂപ / കിലോ എന്ന നിരക്കിൽ 500 മെട്രിക് ടൺ ഉൽപ്പന്നങ്ങൾക്ക് വിപണന സഹായം ലഭ്യമാക്കുകയുണ്ടായി. കർഷകരുടെ ഉൽപ്പന്നങ്ങൾ സംഭരിക്കുന്നതിനും വിറ്റഴിക്കുന്നതിനും വേണ്ടി FPO-കൾ രൂപീകരിക്കുന്നതിനും രജിസ്റ്റർ ചെയ്യുന്നതിനും നടപടികൾ തുടങ്ങി കഴിഞ്ഞു. കേന്ദ്ര സർക്കാരിന്റെ "10000 FPOകൾ" പദ്ധതി പ്രകാരം 2020-21ൽ 38-ഉം 2021-22ൽ 36-ഉം 2022-23ൽ 2 FPOകളും സംസ്ഥാനത്ത് രജിസ്റ്റർ ചെയ്തിട്ടുണ്ട്. |
| (ബി) | കർഷകരിൽ നിന്ന് വിളകൾ ഹോർട്ടികോർപ്പ് മുഖേന നേരിട്ട് സംഭരിക്കുന്നതിനും അപ്പോൾ തന്നെ കർഷകർക്ക് വില നൽകുന്നതിനുമുള്ള ക്രമീകരണങ്ങൾ നടത്തുന്നതിന് നടപടി സ്വീകരിക്കുമോയെന്ന് വിശദമാക്കുമോ; | (ബി) | കർഷകരിൽ നിന്ന് ഉൽപ്പന്നങ്ങൾ സമയബന്ധിതമായി നേരിട്ട് സംഭരിച്ച് വിപണനം നടത്തുന്നതിനായി സംസ്ഥാനത്തുടനീളം 1000-ൽപരം ഗ്രാമശ്രീ ഹോർട്ടി സ്റ്റോറുകൾ ആരംഭിക്കുന്നതിനുള്ള നടപടി സ്വീകരിച്ചു. ഇത്തരത്തിലുള്ള സംഭരണത്തിന്റെ തുക യഥാസമയം ബാങ്ക് മുഖേന നൽകുന്നതിനുള്ള ഒരു പദ്ധതി ഹോർട്ടികോർപ്പിന്റെ പരിഗണനയിലാണ്. |
| (സി) | ജൈവ പച്ചക്കറി എന്ന വ്യാജേന കീടനാശിനി തളിച്ച പച്ചക്കറികൾ വ്യാപകമായി വിതരണം ചെയ്തുവരുന്ന സാഹചര്യത്തിൽ കൃഷി വകുപ്പിന്റെ അധീനതയിലുള്ള ഫാമുകൾ കേന്ദ്രീകരിച്ച് ജൈവ പച്ചക്കറികൾ ഉല്പാദിപ്പിച്ച് കേരളത്തെ ജൈവ പച്ചക്കറികൾ മാത്രമുള്ള സംസ്ഥാനമായി പ്രഖ്യാപിക്കാൻ നടപടികൾ സ്വീകരിക്കുമോ; | (സി) | കൃഷി വകുപ്പിന് കീഴിലുള്ള ഫാമുകളിൽ ഗുണമേന്മയുള്ള നടീൽ വസ്തുക്കൾ ഉത്പാദിപ്പിച്ച് കർഷകർക്ക് വിതരണം ചെയ്യുക എന്നതാണ് പ്രധാന ദൗത്യം എന്നിരുന്നാലും സാധ്യമായ ഫാമുകളിൽ സംയോജിത കൃഷി സമ്പ്രദായം, ഹൈടെക് കൃഷി, സൂക്ഷ്മ കൃഷി രീതി എന്നിവയിലൂടെ പച്ചക്കറികൾ ഉത്പാദിപ്പിച്ച് വിൽക്കുന്നുണ്ട്. എല്ലാ ഫാമുകളിലും ഒരു കോടി ഫലവർഗ നടീൽ വസ്തുക്കളുടെ ഉത്പാദനത്തിനായി ഭൂമി നീക്കിവയ്ക്കേണ്ട തുണ്ട്. ലഭ്യമായ തൊഴിലാളികളെ ഉപയോഗിച്ച് പരമാവധി ഉത്പാദന പ്രക്രിയകൾ നടത്തിവരുന്നുണ്ടെങ്കിലും സംസ്ഥാനത്തെ ജൈവ പച്ചക്കറികൾ മാത്രമുള്ള സംസ്ഥാനം എന്ന രീതിയിൽ ഉയർത്തുന്നതിന് സർക്കാർ ഫാമുകളിലെ പ്രവർത്തനങ്ങൾകൊണ്ട് മാത്രം സാധിക്കുകയില്ല. |
| (ഡി) | നടീൽ വസ്തുക്കളും വളവും കർഷകർക്ക് നൽകുകയും കർഷകർ ഉല്പാദിപ്പിക്കുന്ന വിളകൾക്ക് തൂക്കം നോക്കി സബ്സിഡിയും ബോണസും നൽകുകയും ചെയ്യുന്ന സമഗ്ര പദ്ധതികൾ ആസൂത്രണം ചെയ്യുമോ; | (ഡി) | നിലവിൽ കർഷകർ ഉല്പാദിപ്പിക്കുന്ന വിളകളുടെ തൂക്കം നോക്കി സബ്സിഡി നൽകുന്ന രീതി പിന്തുടരുന്നില്ല . |
| (ഇ) | സംഭരിച്ച പച്ചക്കറികളുടെ വില സംഭരണ കേന്ദ്രങ്ങളിൽ നിന്നുതന്നെ കർഷകർക്ക് | (ഇ) | ഹോർട്ടികോർപ്പിന്റെ ജില്ലാ സംഭരണ കേന്ദ്രങ്ങളിൽ വിതരണം നടത്തുന്ന 10,000/- രൂപ വരെയുള്ള ഉൽപ്പന്നങ്ങളുടെ തുക നേരിട്ട് സംഭരണ സമയത്ത് |

| | | | |
|---|---|---|---|
| | താമസംവിനാ വിതരണം ചെയ്യാൻ നടപടി സ്വീകരിക്കുമോ? | | തന്നെ കർഷകർക്ക് നൽകുന്നതിനുള്ള നടപടി സ്വീകരിച്ചു വരുന്നുണ്ട്. കൂടാതെ ഇത്തരത്തിലുള്ള സംഭരണത്തിന്റെ തുക യഥാസമയം ബാങ്ക് മുഖേന നൽകുന്നതിനുള്ള ഒരു പദ്ധതി ഹോർട്ടികോർപ്പിന്റെ പരിഗണനയിലാണ്. |

സെക്ഷൻ ഓഫീസർ